**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഇരുപത്തിയഞ്ചാമത്തെ കേരള സംസ്ഥാന ബധിര കായികമേള 2019 ഒക്ടോബർ 18-20 കൊല്ലം ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ധനസഹായം അനുവദിച്ച് കിട്ടുന്നത് സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

**സ.ഉ.(സാധാ) നം.1868/2019/ത.സ്വ.ഭ.വ** **തിരുവനന്തപുരം, തീയതി: 30/08/2019**

പരാമർശം:- കേരള സംസ്ഥാന ബധിര കായികമേള ഓർഗനൈസിംഗ് സെക്രട്ടറിയുടെ 24.07.2019ലെ കത്ത്.

**ഉത്തരവ്**

ഇരുപത്തിഅഞ്ചാമത് കേരള സംസ്ഥാന ബധിര കായികമേള 2019 ഒക്ടോബർ മാസം 18 മുതൽ 20 വരെ കൊല്ലം ലാൽ ബഹദൂർ ശാസ്ത്രി സ്റ്റേഡിയത്തിൽ വെച്ച് നടത്തുന്നതാണെന്നും കേരളത്തിലെ ബധിരസ്കൂളുകളിൽ നിന്നുള്ള ആൺ പെൺ വിഭാഗങ്ങളിൽ 1100 ഓളം കായിക പ്രതിഭകളും, ഒഫീഷ്യൽസുമടക്കം 1300 പേർ പങ്കെടുക്കുന്ന ഈ കായികമേളയ്ക്ക് 20 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നുണ്ടെന്നും കൊല്ലം ജില്ലയിലെ ഓരോ പഞ്ചായത്തുകളിൽ നിന്നും കുറഞ്ഞത് 15,000 രൂപയും മുനിസിപ്പാലിറ്റിയിൽ നിന്നും 60,000 രൂപയും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 60,000 രൂപയും മുൻസിപ്പൽ കോർപ്പറേഷൻ നിന്നും 70000 രൂപയും അനുവദിച്ച് നൽകണമെന്നാണ് ഓർഗനൈസിംഗ് സെക്രട്ടറി പരാമർശ പ്രകാരം അപേക്ഷിച്ചിരിക്കുന്നത്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2019 ഒക്ടോബർ മാസം 18 മുതൽ 20 വരെ നടക്കുന്ന 25 മത് സംസ്ഥാന ബധിര കായികമേളയുടെ സംഘാടന ചെലവുകൾക്കായി കൊല്ലം ജില്ലകളിലെ ഗ്രാമ പഞ്ചായത്തുകളിൽ നിന്നും 10,000 (പതിനായിരം) രൂപ വീതവും, മുൻ സിപ്പാലിറ്റികളിൽ നിന്നും 25,000 (ഇരുപത്തിയയ്യായിരം) രൂപയും, ജില്ലാ പഞ്ചായത്തിൽ നിന്നും 50,000 (അൻപതിനായിരം) രൂപയും അതാതു സ്ഥാപനങ്ങളുടെ കമ്മിറ്റി തീരുമാനത്തിന് വിധേയമായി ധനസഹായം നൽകുന്നതിന് യഥേഷ്ടനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

RAJEEVE C R ,

**അണ്ടർ സെക്രട്ടറി**

ഓർഗനൈസിംഗ് സെക്രട്ടറി,കേരള സംസ്ഥാന ബധിര കായികമേള, കേരള സ്പോർട് സ് കൗൺസിൽ ഓഫ് ഡെഫ് ,തിരുവനന്തപുരം ,കൊല്ലം

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ (പകർപ്പ് പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

ബന്ധപ്പെട്ട നഗരസഭകൾ/കോർപ്പറേഷനുകൾ (പകർപ്പ് നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം മുഖേന)

ജില്ലാ പഞ്ചായത്ത് സെക്രട്ടറി,കൊല്ലം

ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

റീജിയണൽ പെർഫോമൻസ് ആഡിറ്റ് ഓഫീസർ, കൊല്ലം

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.

ധനകാര്യ (എസ്.എഫ്.സി) വകുപ്പ്

എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (എൽ.എസ്.ജി.ഡി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.